**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 143** **04-02-2026 - ൽ മറുപടിയ്ക്ക്**

**തരിശുഭൂമി കൃഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ തരിശുഭൂമിയുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ; | (എ) | സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് ഭൂമിയുടെ ഉപയോഗരീതി സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് കണക്കുകൾ എസ്റ്റിമേറ്റ് ചെയ്ത് പ്രസിദ്ധീകരിച്ചു വരുന്നു. ഇതിൽ സംസ്ഥാനത്തെ തരിശുഭൂമി സംബന്ധിച്ച കണക്കുകൾ ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത കണക്കുകൾ 2023-24 വരെ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത് പ്രകാരം 2023-24 ലെ തരിശുഭൂമിയുടെ വിസ്തൃതി 57,361 ഹെക്ടർ ആയിരുന്നു. ആയത് 2024-25 വർഷം 53592 ഹെക്ടറായി കുറഞ്ഞിട്ടുണ്ട്. |
| (ബി) | എങ്കിൽ തരിശുഭൂമി കൃഷിക്ക് ഉപയുക്തമാക്കുന്നതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; അത്തരത്തിൽ എത്ര ഹെക്ടർ ഭൂമി കൃഷിയോഗ്യമാക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ; | (ബി) | ഭക്ഷ്യ സ്വയംപര്യാപ്തത ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ സംയോജിത ഭക്ഷ്യ സുരക്ഷാ പദ്ധതിയാണ് സുഭിക്ഷ കേരളം. കൃഷി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ക്ഷീരവികസന വകുപ്പ്, മത്സ്യബന്ധന വകുപ്പ്, സഹകരണ വകുപ്പ്, ജലസേചന വകുപ്പ് തുടങ്ങിയ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്തിലാണ് പദ്ധതി നടപ്പിലാക്കിയത്.<br><br>കോവിഡ് 19 മഹാമാരി പടർന്നു പിടിക്കുന്നത് തടയാനായി ഏർപ്പെടുത്തിയിരുന്ന ലോക്ക്ഡൗൺ കാലയളവിൽ ഭക്ഷ്യ പ്രതിസന്ധി ഉടലെടുത്താൽ തരണം ചെയ്യുന്നതിനായി സാദ്ധ്യമായ കൃഷിഭൂമിയിലെല്ലാം കാർഷികോത്പാദനം നടത്തുക എന്ന ലക്ഷ്യത്തോടെയാണ് കൃഷി വകുപ്പ് ഇത് നടപ്പിലാക്കിയത്. സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി 25000 ഹെക്ടർ തരിശു സ്ഥലങ്ങൾ കൃഷി വകുപ്പ് കണ്ടെത്തിയിരുന്നു. ഇതിൽ നെല്ല്, പച്ചക്കറികൾ, വാഴ പോലുള്ള വാർഷിക ഫലവർഗ്ഗ വിളകൾ, കിഴങ്ങുവർഗ്ഗ വിളകൾ, ചെറുധാന്യങ്ങൾ, പയർവർഗ്ഗ വിളകൾ എന്നിവ കൃഷി ചെയ്യുന്നതിനുള്ള |

സമഗ്ര പദ്ധതി തയ്യാറാക്കിയാണ് നിർവ്വഹണം നടത്തിയത്.

ഇതിനു പുറമെ തരിശുനിലങ്ങളിൽ കൃഷി വ്യാപകമാക്കുന്നതിനായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് വിവിധ വിള അടിസ്ഥാനമാക്കിയുള്ള പദ്ധതികളിലൂടെ പ്രോൽസാഹനം നൽകി വരുന്നു.

നെൽകൃഷി വികസന പദ്ധതിയിൽ തരിശുനിലങ്ങളിലെ നെൽകൃഷിയുടെ പുനരുജ്ജീവനം ലക്ഷ്യമിട്ട് നെൽകൃഷി വിസ്തൃതി വ്യാപനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി തരിശു നില നെൽകൃഷിക്ക് പ്രോത്സാഹനം നൽകി വരുന്നു. നിലവിൽ തരിശ് നെൽകൃഷിക്കായി 35,000/- രൂപ കർഷകനും 5,000/- രൂപ ഭൂവുടമകൾക്കും ചേർത്ത് ആകെ സഹായധനമായി ഹെക്ടറൊന്നിനു 40,000/- രൂപ നൽകുന്നു. 2025-26 സാമ്പത്തിക വർഷത്തിൽ 800 ഹെക്ടർ തരിശുനിലങ്ങളിൽ കൃഷി ചെയ്യുന്നതിനായി 320.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുംസ്വയംപര്യാപ്തത കൈവരിക്കുന്നതിനുമായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പും വിവിധ 16 വകുപ്പുകളുടെയും സഹകരണത്തോടുകൂടി 2024-2025 വർഷത്തിൽ ആരംഭിച്ച് 2028-2029 വരെ തുടരുന്നതുമായ സമഗ്ര പച്ചക്കറി ഉല്പാദന യജ്ഞം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയിൽ ഒരു മുഖ്യ ഘടകമായി തരിശുനില കൃഷി ഉൾപ്പെടുത്തിയിരിക്കുന്നു.

2025-26 സാമ്പത്തിക വർഷത്തിൽ സമഗ്ര പച്ചക്കറി ഉല്പാദന യജ്ഞം പദ്ധതിയിൽ തരിശുഭൂമിയിൽ പച്ചക്കറി കൃഷി നടപ്പിലാക്കുന്നതിനായി ഹെക്ടർ ഒന്നിന് 40,000/- രൂപ ധനസഹായം നൽകി വരുന്നു. ഇതിൽ 37,000/- രൂപ കർഷകനും, 3,000/- രൂപ ഭൂവുടമയ്ക്കും നൽകുന്നു. മൂന്ന് വർഷമെങ്കിലും തരിശായി കിടക്കുന്ന ഭൂമിയിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനാണ് ഈ ആനുകൂല്യം നൽകുന്നത്. വ്യക്തിഗത കർഷകർ, ഭൂരഹിത കർഷക തൊഴിലാളികൾ, കർഷക ഗ്രൂപ്പുകൾ, യുവജന ക്ലബ്ബുകൾ, തരിശുഭൂമി കൃഷി ചെയ്യാൻ തയ്യാറുള്ള മറ്റ് സംഘടനകൾ എന്നിവരിലൂടെ തരിശു ഭൂമി കണ്ടെത്തി കൃഷി നടപ്പിലാക്കുന്നു. കൃഷിക്കാർക്കുള്ള സഹായം നിലമൊരുക്കൽ മുതൽ വിളവെടുപ്പ് വരെയുള്ള പ്രവർത്തനങ്ങൾക്കാണ്. സമഗ്ര പച്ചക്കറി ഉല്പാദന യജ്ഞം പദ്ധതിയിൽഉൾപ്പെടുത്തി വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഉപയോഗിക്കാത്ത തരിശായി

കിടക്കുന്ന സ്ഥലങ്ങളിലും പച്ചക്കറി കൃഷി പോഷക തോട്ടങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിനായി പ്രത്യേക ഘടക പദ്ധതി നടപ്പിലാക്കി വരുന്നു. 2025-26 സാമ്പത്തിക വർഷത്തിൽ 150 ഹെക്ടറിൽ തരിശുഭൂമിയിൽ പച്ചക്കറി കൃഷി നടപ്പിലാക്കുന്നതിനായി 60.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 60.85 ഹെക്ടർ തരിശുഭൂമിയിൽ പച്ചക്കറി കൃഷി നടപ്പിലാക്കിയിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തരിശായി കിടക്കുന്ന സ്ഥലങ്ങളിൽ പ്രോജക്ട് അടിസ്ഥാനത്തിൽ പോഷക പച്ചക്കറി തോട്ടങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ടി 70.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കേരളത്തിലെ ഉപയോഗശൂന്യമായതും തരിശായി കിടക്കുന്നതുമായ ഭൂവിഭവങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ ഉപയോഗപ്പെടുത്തുന്നതിനായി, "New Agriculture Wealth Opportunities-Driving Horticulture and Agribusiness Networking (NAWO-DHAN)" അനുബന്ധ പദ്ധതിയ്ക്ക് 2024-25 സാമ്പത്തിക വർഷത്തിൽ തുടക്കമിട്ടു. പ്രസ്തുത പദ്ധതിയിലൂടെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉദ്യാനകൃഷി, ഹൈഡ്രോപോണിക്സ്, സംരക്ഷിത കൃഷി, കൃത്യതാ കൃഷി, ഹൈടെക് ഇടവിള കൃഷി, കൂൺ കൃഷി, തേനീച്ച വളർത്തൽ, മറ്റു മേഖലകളിൽ ഉൾപ്പെട്ട പ്രവർത്തികൾ എന്നിവ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഭൂവുടമകളെയും കർഷക ഉൽപാദക സംഘടനകളെയും, കൃഷിക്കൂട്ടങ്ങളെയും, കുടുംബശ്രീ യൂണിറ്റുകളെയും, സ്വയം സഹായ സംഘങ്ങളെയും, സ്റ്റാർട്ടപ്പുകളെയും, യുവജന സംഘങ്ങളെയും ബന്ധിപ്പിക്കുന്ന ഒരു ഫെസിലിറ്റേറ്ററായി "NAWO-DHAN" പ്രവർത്തിച്ചു വരുന്നു. ഇരു കക്ഷികളിൽ നിന്നും താൽപ്പര്യ പ്രഖ്യാപനങ്ങൾ (Expression of Interest) ഓൺലൈൻ മുഖേന ക്ഷണിക്കുന്നു. പ്രാരംഭ ഘട്ടത്തിൽ വിവിധ സർക്കാർ വകുപ്പുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഉടമസ്ഥതയിലുള്ള തരിശുഭൂമിയിലാണ് പദ്ധതി നടപ്പിലാക്കുന്നത്. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ മേൽനോട്ടത്തിൽ, നവോ-ധൻ പദ്ധതിയുടെ നടത്തിപ്പിനായി കേരള അഗ്രോ ബിസിനസ് കമ്പനി (കാബ്കോ) യെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി നിയോഗിച്ചിരിക്കുന്നു.

നവോ-ധൻ പദ്ധതിപ്രകാരം, പദ്ധതിക്ക് ലഭ്യമായ ഭൂമിയിൽ, കർഷക സംരംഭകർ/കർഷക കൂട്ടായ്മകൾ എന്നിവർക്ക് സർക്കാർ അംഗീകരിച്ച ഒരു സർവീസ് ലെവൽ എഗ്രിമെന്റ് (Service Level Agreement)

| | | | |
|---|---|---|---|
| | | | അനുസരിച്ച്, കൃഷി ഒരു സേവനം എന്ന നിലയിൽ വാണിജ്യപരമായ കാർഷിക പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്. കൃഷി ചെയ്യുന്നവർക്ക ഭൂമിയിൽ യാതൊരുവിധ അവകാശവും ഉണ്ടായിരിക്കുന്നതല്ല. നാളിതുവരെ എറണാകുളം ജില്ലയിൽ കാംകോ (KAMCO)യുടെ ഉടമസ്ഥതയിലും (4 ഏക്കർ), പാലക്കാട് (3 ഏക്കർ), മലപ്പുറം (16 ഏക്കർ) എന്നീ ജില്ലകളിൽ സ്വകാര്യ ഉടമസ്ഥതയിലും ഉള്ള ഭൂമിയിൽ, യഥാക്രമം, നെല്ല്, മുല്ല, പ്ലാവ് എന്നിവ കൃഷി ചെയ്യുന്നതിന് സർവീസ് ലെവൽ എഗ്രിമെന്റ് ഒപ്പുവച്ചിട്ടുണ്ട്. മേൽ ഇടപെടലുകളിലൂടെ തരിശുഭൂമി കൃഷിയോഗ്യമാക്കുവാനും തൊഴിലവസരങ്ങളിലും വരുമാനത്തിലും ഗണ്യമായ വർദ്ധനവ് കൈവരിക്കുവാനും സാദ്ധ്യമായിട്ടുണ്ട്. |
| (സി) | അതുമൂലമുള്ള തൊഴിൽ, വരുമാന വർധന എത്രയാണെന്ന് വ്യക്തമാക്കുമോ? | (സി) | ഭക്ഷ്യ സ്വയംപര്യാപ്തത ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ സംയോജിത ഭക്ഷ്യ സുരക്ഷാ പദ്ധതിയാണ് സുഭിക്ഷ കേരളം. കൃഷി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ക്ഷീരവികസന വകുപ്പ്, മത്സ്യബന്ധന വകുപ്പ്, സഹകരണ വകുപ്പ്, ജലസേചന വകുപ്പ് തുടങ്ങിയ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്തിലാണ് പദ്ധതി നടപ്പിലാക്കിയത്.<br><br>കോവിഡ് 19 മഹാമാരി പടർന്നു പിടിക്കുന്നത് തടയാനായി ഏർപ്പെടുത്തിയിരുന്ന ലോക്ക്ഡൗൺ കാലയളവിൽ ഭക്ഷ്യ പ്രതിസന്ധി ഉടലെടുത്താൽ തരണം ചെയ്യുന്നതിനായി സാദ്ധ്യമായ കൃഷിഭൂമിയിലെല്ലാം കാർഷികോത്പാദനം നടത്തുക എന്ന ലക്ഷ്യത്തോടെയാണ് കൃഷി വകുപ്പ് ഇത് നടപ്പിലാക്കിയത്. സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി 25000 ഹെക്ടർ തരിശു സ്ഥലങ്ങൾ കൃഷി വകുപ്പ് കണ്ടെത്തിയിരുന്നു. ഇതിൽ നെല്ല്, പച്ചക്കറികൾ, വാഴ പോലുള്ള വാർഷിക ഫലവർഗ്ഗ വിളകൾ, കിഴങ്ങുവർഗ്ഗ വിളകൾ, ചെറുധാന്യങ്ങൾ, പയർവർഗ്ഗ വിളകൾ എന്നിവ കൃഷി ചെയ്യുന്നതിനുള്ള സമഗ്ര പദ്ധതി തയ്യാറാക്കിയാണ് നിർവ്വഹണം നടത്തിയത്.<br><br>ഇതിനു പുറമെ തരിശുനിലങ്ങളിൽ കൃഷി വ്യാപകമാക്കുന്നതിനായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് വിവിധ വിള അടിസ്ഥാനമാക്കിയുള്ള പദ്ധതികളിലൂടെ പ്രോൽസാഹനം നൽകി വരുന്നു.<br>നെൽകൃഷി വികസന പദ്ധതിയിൽ തരിശുനിലങ്ങളിലെ നെൽകൃഷിയുടെ പുനരുജ്ജീവനം |

ലക്ഷ്യമിട്ട് നെൽകൃഷി വിസ്തൃതി വ്യാപനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി തരിശു നില നെൽകൃഷിക്ക് പ്രോത്സാഹനം നൽകി വരുന്നു. നിലവിൽ തരിശ് നെൽകൃഷിക്കായി 35,000/- രൂപ കർഷകനും 5,000/- രൂപ ഭൂവുടമകൾക്കും ചേർത്ത് ആകെ സഹായധനമായി ഹെക്ടറൊന്നിനു 40,000/- രൂപ നൽകുന്നു. 2025-26 സാമ്പത്തിക വർഷത്തിൽ 800 ഹെക്ടർ തരിശുനിലങ്ങളിൽ കൃഷി ചെയ്യുന്നതിനായി 320.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുംസ്വയംപര്യാപ്തത കൈവരിക്കുന്നതിനുമായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പും വിവിധ 16 വകുപ്പുകളുടെയും സഹകരണത്തോടുകൂടി 2024-2025 വർഷത്തിൽ ആരംഭിച്ച് 2028-2029 വരെ തുടരുന്നതുമായ സമഗ്ര പച്ചക്കറി ഉല്പാദന യജ്ഞം പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയിൽ ഒരു മുഖ്യ ഘടകമായി തരിശുനില കൃഷി ഉൾപ്പെടുത്തിയിരിക്കുന്നു.

2025-26 സാമ്പത്തിക വർഷത്തിൽ സമഗ്ര പച്ചക്കറി ഉല്പാദന യജ്ഞം പദ്ധതിയിൽ തരിശുഭൂമിയിൽ പച്ചക്കറി കൃഷി നടപ്പിലാക്കുന്നതിനായി ഹെക്ടർ ഒന്നിന് 40,000/- രൂപ ധനസഹായം നൽകി വരുന്നു. ഇതിൽ 37,000/- രൂപ കർഷകനും, 3,000/- രൂപ ഭൂവുടമയ്ക്കും നൽകുന്നു. മൂന്ന് വർഷമെങ്കിലും തരിശായി കിടക്കുന്ന ഭൂമിയിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനാണ് ഈ ആനുകൂല്യം നൽകുന്നത്. വ്യക്തിഗത കർഷകർ, ഭൂരഹിത കർഷക തൊഴിലാളികൾ, കർഷക ഗ്രൂപ്പുകൾ, യുവജന ക്ലബ്ബുകൾ, തരിശുഭൂമി കൃഷി ചെയ്യാൻ തയ്യാറുള്ള മറ്റ് സംഘടനകൾ എന്നിവരിലൂടെ തരിശു ഭൂമി കണ്ടെത്തി കൃഷി നടപ്പിലാക്കുന്നു. കൃഷിക്കാർക്കുള്ള സഹായം നിലമൊരുക്കൽ മുതൽ വിളവെടുപ്പ് വരെയുള്ള പ്രവർത്തനങ്ങൾക്കാണ്. സമഗ്ര പച്ചക്കറി ഉല്പാദന യജ്ഞം പദ്ധതിയിൽഉൾപ്പെടുത്തി വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഉപയോഗിക്കാത്ത തരിശായി കിടക്കുന്ന സ്ഥലങ്ങളിലും പച്ചക്കറി കൃഷി പോഷക തോട്ടങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിനായി പ്രത്യേക ഘടക പദ്ധതി നടപ്പിലാക്കി വരുന്നു. 2025-26 സാമ്പത്തിക വർഷത്തിൽ 150 ഹെക്ടറിൽ തരിശുഭൂമിയിൽ പച്ചക്കറി കൃഷി നടപ്പിലാക്കുന്നതിനായി 60.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 60.85 ഹെക്ടർ തരിശുഭൂമിയിൽ പച്ചക്കറി കൃഷി നടപ്പിലാക്കിയിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തരിശായി കിടക്കുന്ന

സ്ഥലങ്ങളിൽ പ്രോജക്റ്റ് അടിസ്ഥാനത്തിൽ പോഷക പച്ചക്കറി തോട്ടങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ടി 70.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കേരളത്തിലെ ഉപയോഗശൂന്യമായതും തരിശായി കിടക്കുന്നതുമായ ഭൂവിഭവങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ ഉപയോഗപ്പെടുത്തുന്നതിനായി, "New Agriculture Wealth Opportunities-Driving Horticulture and Agribusiness Networking (NAWO-DHAN)" അനുബന്ധ പദ്ധതിയ്ക്ക് 2024-25 സാമ്പത്തിക വർഷത്തിൽ തുടക്കമിട്ടു. പ്രസ്തുത പദ്ധതിയിലൂടെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉദ്യാനകൃഷി, ഹൈഡ്രോപോണിക്സ്, സംരക്ഷിത കൃഷി, കൃത്യതാ കൃഷി, ഹൈടെക് ഇടവിള കൃഷി, കൂൺ കൃഷി, തേനീച്ച വളർത്തൽ, മറ്റു മേഖലകളിൽ ഉൾപ്പെട്ട പ്രവർത്തികൾ എന്നിവ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഭൂവുടമകളെയും കർഷക ഉൽപാദക സംഘടനകളെയും, കൃഷിക്കൂട്ടങ്ങളെയും, കുടുംബശ്രീ യൂണിറ്റുകളെയും, സ്വയം സഹായ സംഘങ്ങളെയും, സ്റ്റാർട്ടപ്പുകളെയും, യുവജന സംഘങ്ങളെയും ബന്ധിപ്പിക്കുന്ന ഒരു ഫെസിലിറ്റേറ്ററായി "NAWO-DHAN" പ്രവർത്തിച്ചു വരുന്നു. ഇരു കക്ഷികളിൽ നിന്നും താൽപ്പര്യ പ്രഖ്യാപനങ്ങൾ (Expression of Interest) ഓൺലൈൻ മുഖേന ക്ഷണിക്കുന്നു. പ്രാരംഭ ഘട്ടത്തിൽ വിവിധ സർക്കാർ വകുപ്പുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഉടമസ്ഥതയിലുള്ള തരിശുഭൂമിയിലാണ് പദ്ധതി നടപ്പിലാക്കുന്നത്. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ മേൽനോട്ടത്തിൽ, നവോ-ധൻ പദ്ധതിയുടെ നടത്തിപ്പിനായി കേരള അഗ്രോ ബിസിനസ് കമ്പനി (കാബ്കോ) യെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി നിയോഗിച്ചിരിക്കുന്നു.

നവോ-ധൻ പദ്ധതിപ്രകാരം, പദ്ധതിക്ക് ലഭ്യമായ ഭൂമിയിൽ, കർഷക സംരംഭകർ/കർഷക കൂട്ടായ്മകൾ എന്നിവർക്ക് സർക്കാർ അംഗീകരിച്ച ഒരു സർവീസ് ലെവൽ എഗ്രിമെന്റ് (Service Level Agreement) അനുസരിച്ച്, കൃഷി ഒരു സേവനം എന്ന നിലയിൽ വാണിജ്യപരമായ കാർഷിക പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്. കൃഷി ചെയ്യുന്നവർക്കു ഭൂമിയിൽ യാതൊരുവിധ അവകാശവും ഉണ്ടായിരിക്കുന്നതല്ല. നാളിതുവരെ എറണാകുളം ജില്ലയിൽ കാംകോ (KAMCO)യുടെ ഉടമസ്ഥതയിലും (4 ഏക്കർ), പാലക്കാട് (3 ഏക്കർ), മലപ്പുറം (16 ഏക്കർ) എന്നീ ജില്ലകളിൽ സ്വകാര്യ ഉടമസ്ഥതയിലും ഉള്ള ഭൂമിയിൽ, യഥാക്രമം, നെല്ല്, മുല്ല, പ്ലാവ് എന്നിവ കൃഷി ചെയ്യുന്നതിന് സർവീസ് ലെവൽ എഗ്രിമെന്റ്

| | | | |
|---|---|---|---|
| | | | ഒപ്പുവച്ചിട്ടുണ്ട്. മേൽ ഇടപെടലുകളിലൂടെ തരിശുഭൂമി കൃഷിയോഗ്യമാക്കുവാനും തൊഴിലവസരങ്ങളിലും വരുമാനത്തിലും ഗണ്യമായ വർദ്ധനവ് കൈവരിക്കുവാനും സാദ്ധ്യമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ